**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4076** **17-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ എക്സൈസ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് എത്ര എക്സൈസ് റേഞ്ച് ഓഫീസുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് എക്സൈസ് റേഞ്ച് ഓഫീസുകളൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (ബി) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലം ഉൾപ്പെടുന്ന ഹൊസ്ദുർഗ്, നീലേശ്വരം എന്നീ റേഞ്ച് ഓഫീസുകൾ വിഭജിച്ച് ഹൊസ്ദുർഗ്, നീലേശ്വരം, വെള്ളരിക്കുണ്ട് എന്നീ റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത് ഉൾപ്പെടെ അധികാര പരിധി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതുതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി വകുപ്പിൽ നിന്നും സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാം ഘട്ടത്തിൽ രൂപീകരിക്കുവാൻ ശിപാർശ ചെയ്ത പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലം ഉൾപ്പെടുന്ന ഹൊസ്ദുർഗ്, നീലേശ്വരം, വെള്ളരിക്കുണ്ട് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത് ഉൾപ്പെടെ 17 പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുവാനുള്ള ശിപാർശ പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26 തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ച് കൊണ്ട് പുതിയ റെയ്ഞ്ചുകൾ അനുവദിക്കാനാകാത്തതിനാൽ |

| | | | | |
|---|---|---|---|---|
| | | | | വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും, സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിതാ എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ നിയമിക്കുന്നതിന് വേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റെയ്ഞ്ചുകൾക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതിനാൽ അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എണ്ണം തസ്തികകളും മറ്റ് വിഭാഗങ്ങളിൽ നിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റെയ്ഞ്ചു ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നു എങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് (ഉദാ-sentry, കോടതി duty) man power savings കണ്ടെത്തിയും പുതിയ റെയ്ഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി തസ്തികകൾ പുന:ക്രമീകരിക്കുന്നതിനു രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച തല്സ്ഥിതി റിപ്പോർട്ടും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ